**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 541 | 11.12.2012-ൽ മറുപടിക്ക്

**സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ്**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം : | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് നിർത്തിവെച്ചകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്തുത തെരഞ്ഞെടുപ്പ് തുടർന്ന് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ റിട്ട് അപ്പീൽ നിലനിൽ ക്കുന്നുണ്ട്. കോടതിവിധിയുടെ അടിസ്ഥാന ത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) തെരഞ്ഞെടുപ്പ് നീട്ടികൊണ്ടു പോകുന്ന തിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമി ക്കുന്നതായി ആക്ഷേപം ഉന്നയിച്ച് മെമ്പർമാർ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ; | (സി) | തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടു പോകുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ ശ്രമിക്കുന്നതായി ആക്ഷേപം ഉന്നയിച്ച് കേസ് ഫയൽ ചെയ്തിട്ടില്ല. എന്നാൽ കൊടുവള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 1240 ന്റെ വോട്ടർപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മരണപ്പെട്ടു പോയവരെയും പ്രവർത്തന പരിധിക്ക് പുറത്തുള്ളവരെയും ഒഴിവാക്കി വോട്ടർപ്പട്ടിക തയ്യാറാക്കണമെന്ന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തിനെതിരെ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത കേസിലെ വിധി യെന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശത്തെ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ഇ) വിധിക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ അപ്പീൽ പോവാനുള്ള കാര ണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | വോട്ടെടുപ്പ് ദിവസം ബൂത്ത് കൈയ്യേറ്റവും ബാലറ്റ് പേപ്പർ നശിപ്പിക്കൽ, വോട്ടർ പട്ടികയുടെ മാർക്ക് ചെയ്ത പകർപ്പ് നശിപ്പിക്കൽ |

| | | | |
|---|---|---|---|
| | | | എന്നിവ നടന്നിട്ടുണ്ട്. വോട്ടർപ്പട്ടികയെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതി ലഭിച്ചതിനാൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ നിർദ്ദേശം ബഹു. ഹൈക്കോടതി സിംഗിൾ ബെഞ്ച് സ്റ്റേ ചെയ്ത സാഹചര്യത്തിലാണ് കമ്മീഷൻ റിട്ട് അപ്പീൽ ഫയൽ ചെയ്തത്. |
| (എഫ്) | തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടികൾ നിഷ്പക്ഷമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | സഹകരണ ചട്ടം/വ്യവസ്ഥകൾ പ്രകാരം നിഷ്പക്ഷവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളാണ് സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ